**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
Ref: 863/KCBC/K-6/KPR/DS 29.07.2022

**ബഫർ സോൺ സംബന്ധിച്ച ജൂലൈ 27-ാം തിയതിയിലെ**
**മന്ത്രിസഭാ തീരുമാനം - അവ്യക്തവും ആശങ്ക വർദ്ധിപ്പിക്കുന്നതും: കെ.സി.ബി.സി.**
**കർഷക സംഘടനാ പ്രതിനിധി സമ്മേളനം-ജൂലൈ 31 ഞായറാഴ്ച പാലാരിവട്ടം പി.ഒ.സി.യിൽ**

ജനങ്ങളുടെ ആശങ്ക പരിഹരിക്കപ്പെടും വിധമല്ല ജൂലൈ 27-ലെ മന്ത്രിസഭാ തീരുമാനമെന്നാണ് മന്ത്രിസഭാ തീരുമാനം സംബന്ധിച്ച പ്രസ്താവന വായിക്കുമ്പോൾ മനസ്സിലാക്കുന്നത്. 2019-ലെ മന്ത്രിസഭാ തീരുമാനം മുഖവിലക്കെടുത്താണ് സുപ്രീം കോടതി ബഫർ സോൺ സംബന്ധിച്ച് വിധി പ്രസ്താവിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ബഫർ സോൺ സംബന്ധിച്ച 2019-ലെ മന്ത്രിസഭാ തീരുമാനം പൂർണ്ണമായും പിൻവലിച്ചുകൊണ്ട് ജനങ്ങളുടെ ആശങ്ക പരിഹരിക്കാനുള്ള നടപടിയാണ് സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടത്.

ബഫർ സോൺ വനാതിർത്തിക്കുള്ളിൽ നിജപ്പെടുത്തണമെന്ന ആവശ്യത്തോട് അനുഭാവപൂർണ്ണമായ തീരുമാനമല്ല സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഈ പുതിയ മന്ത്രിസഭാതീരുമാനവും ഭാവിയിൽ ജനങ്ങൾക്ക് തിരിച്ചടിയാകും. വനാതിർത്തി പുനർനിർണ്ണയിച്ച് വനത്തിനുള്ളിൽ ബഫർസോൺ നിജപ്പെടുത്തുകയാണ് വേണ്ടത്.

സംസ്ഥാനത്തെ 23 വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ചുറ്റുമുള്ള ജനവാസ മേഖലകൾ ഉൾപ്പെടുത്തി കേന്ദ്രസർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ ലഭിച്ച ആക്ഷേപങ്ങൾ പരിഗണിച്ച് ജനവാസ മേഖലകൾ പൂർണ്ണമായും കൃഷിയിടങ്ങളും സർക്കാർ അർദ്ധസർക്കാർ പൊതു സ്ഥാപനങ്ങളും ഒഴിവാക്കി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് വനം - വന്യജീവി വകുപ്പ് കേന്ദ്രസർക്കാരിന് സമർപ്പിച്ച നടപടികൾ അംഗീകരിച്ചുവെന്ന് മന്ത്രിസഭാതീരുമാനം പ്രസിദ്ധീകരിച്ചിരിക്കുമ്പോൾ കേന്ദ്രസർക്കാരിന് സമർപ്പിച്ച നടപടികളും രേഖകളും ജനങ്ങളുടെ അറിവിലേയ്ക്കായി വനം വകുപ്പ് പുറത്തുവിടണം.

മലയോരമേഖലയിലെ ജനങ്ങളും വനംവകുപ്പും തമ്മിൽ വന്യജീവി അക്രമണത്തെ സംബന്ധിച്ചും, ഭൂപ്രശ്നങ്ങൾ സംബന്ധിച്ചും കാലങ്ങളായി രൂപപ്പെട്ടിരിക്കുന്ന അരക്ഷിതാവസ്ഥ നിലനിൽക്കുമ്പോൾ തന്നെ ബഫർസോൺ വിഷയത്തിൽ തുടർനടപടികൾക്കും കേസുകൾ നടത്തുന്നതിനുമായി വനംവകുപ്പിനെ ഉത്തരവാദിത്വമേൽപ്പിക്കുന്നത് ആശങ്ക വർദ്ധിപ്പിക്കും.

ആയതിനാൽ ജനങ്ങളുടെ ആശങ്കപൂർണ്ണമായും പരിഹരിക്കുംവിധം സർക്കാർ ഉചിതമായ തീരുമാനം സ്വീകരിക്കണം. സുപ്രീം കോടതി നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ കൃത്യമായ ഡേറ്റാ സഹിതം CEC - യിൽ നൽകേണ്ട അപ്പിലുകൾ സമർപ്പിക്കുകയും വേണം.

ബഫർ സോൺ സംബന്ധിച്ച സർക്കാർ നടപടിക്രമങ്ങളിലെ ആശങ്കകൾ പങ്കുവയ്ക്കുന്നതിനും തുടർനടപടികളെകുറിച്ച് ആലോചിക്കുന്നതിനുമായി 31-ാംതിയതി ഞായറാഴ്ച ഉച്ചക്കഴിഞ്ഞ് 3 മണിക്ക് പാലാരിവട്ടം പി.ഒ.സി.യിൽ വച്ച് കർഷക സംഘടനാ പ്രതിനിധികൾ യോഗം ചേരുന്നു. പ്രസ്തുത യോഗത്തിൽ മത-സാംസ്കാരിക മേഖലകളിലെ പ്രമുഖർ പങ്കെടുക്കുന്നു. കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി യോഗം ഉദ്ഘാടനം ചെയ്യും.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ/ഔദ്യോഗിക വക്താവ്, ഡയറക്ടർ, പിഒസി.

**PRESIDENT**
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

**VICE-PRESIDENT**
His Excellency
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

**SECRETARY GENERAL**
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

**DEPUTY SECRETARY GENERAL**
FR. JACOB G. PALACKAPPILLY
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com